സ് പഠിപ്പിക്കാൻ അർഹതയില്ലാത്ത അദ്ധ്യാപകരെ ചൈനീസ് പ്രൈമറിസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരായി നിയമിക്കൽ മുതലായ പ്രശ്നങ്ങൾ മലയയിലെ ചൈനക്കാർക്കിടയിൽ ഇപ്പോൾ വലിയ അതൃപ്തി ഉളവാക്കിയിട്ടുണ്ട്.

യുണൈറ്റഡ് മലയ നാഷണൽ ഓർഗനൈസേഷന്റെ നാല്പത്തൊന്നാം വാർഷികം നവംബർ 1–ാം തീയതി വലിയ തോതിൽ കൊണ്ടാടാൻ തീരുമാനിച്ചിരിക്കുന്നു. പാർട്ടിയുടെ മൂന്നു ലക്ഷത്തോളം അംഗങ്ങൾ ഇതിൽ പങ്കെടുക്കുമെന്നാണുവെച്ചിരുന്നത്. ഈ സമ്മേളനത്തെത്തുടർന്ന്, 1969–ലെന്നപോലെ മലയക്കാർക്കും ചൈനക്കാർക്കും ഇടയിൽ വർഗീയ ലഹള പൊട്ടിപ്പുറപ്പെട്ടേക്കാമെന്ന ആശങ്കപരക്കുകയുണ്ടായി. നവംബർ 1–ലെ സമ്മേളനം നിരോധിക്കപ്പെട്ടു; തൊണ്ണൂററിമൂന്നു പ്രക്ഷോഭകരെ തടങ്കലിലാക്കുകയുംചെയ്തു. ഇവരിൽ പത്തു പാർലമെൻറംഗങ്ങളും, മലേഷ്യൻ ചൈനീസ് അസോസ്യേഷന്റെ വൈസ് പ്രസിഡണ്ട് ചാൻകിററ്ചീയും ഉൾപ്പെടുന്നു.

മലേഷ്യയിൽ മലയക്കാരും ചൈനീസ് വംശജരും തമ്മിലുള്ള സംഘർഷം തീവ്രമാകുന്നപക്ഷം, അതു് ഈ പ്രദേശത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ പ്രതികൂലമായി ബാധിക്കാതിരിക്കുകയില്ല. കാർഷിക–ഖനിജവിഭവങ്ങളുടെ കാര്യത്തിൽ അതിസമ്പന്നമാണ് മലേഷ്യ. ഏഷ്യയിൽ, ഏററവുമധികം വികസനസാദ്ധ്യതയുള്ള രാജ്യവും (ജപ്പാൻ ഒഴിച്ചാൽ) മലേഷ്യയാണ്. വർഗം, ഭാഷ, മതം എന്നിവയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട വ്യത്യസ്ത ജനവിഭാഗങ്ങൾ ആഭ്യന്തരകലഹങ്ങളിൽ തങ്ങളുടെ ശക്തി ദുർവ്യയംചെയ്യുന്നില്ലെങ്കിൽ, ദരിദ്രമായ ഏഷ്യയിലെ അതിസമ്പന്ന പ്രദേശങ്ങളിലൊന്നാവാനുള്ള എല്ലാ സാദ്ധ്യതയും മലേഷ്യയ്ക്കുണ്ട്.

മലേഷ്യയിലെ മൂന്നാമത്തെ വലിയ ജനവിഭാഗം ഭാരത വംശജരാണ്. അതിനാൽ മലേഷ്യയിലെ സംഭവവികാസങ്ങൾ, നന്മയ്ക്കായാലും തിന്മയ്ക്കായാലും നമ്മെയും ബാധിക്കുന്നതായിരിക്കും. ഈ സംഭവവികാസങ്ങളിൽ ഉദ്ബുദ്ധമായ താല്പര്യം നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

(13 നവംബർ, 1987)

# 11. അഫ്ഘാനിസ്ഥാൻ

അണുബോംബു നിർമിക്കുന്ന രാഷ്ട്രങ്ങൾക്കു സഹായം നിഷേധിക്കാൻ അമേരിക്കൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമം മാററിവെച്ച്, അണുബോംബുനിർമാണപരിശ്രമങ്ങളുമായി മുന്നോട്ടു പോകുന്ന, ഒരു പക്ഷേ, ഇതിനകം അണുബോംബു നിർമിച്ചുകഴിഞ്ഞിട്ടുള്ള, പാകിസ്ഥാനു് നാനൂററിരണ്ടു കോടി ഡോളർ (അയ്യായിരത്തി ഇരുനൂററി ഇരുപത്താറു കോടി രൂപ) വരുന്ന സൈനിക–സാമ്പത്തിക സഹായം അടുത്ത ആറു വർഷം തുടർന്നു നൽകുന്നതിനു് 1987 ഡിസംബർ 4–ാം തീയതി അമേരിക്കൻ പാർലമെൻറ് തീരുമാനിക്കുകയുണ്ടായി. അഫ്ഘാനിസ്ഥാനിൽ സോവിയററ് റഷ്യയുടെ സൈന്യങ്ങൾ ഉണ്ടെന്നും അവ പാകിസ്ഥാനിലേക്കു കടക്കാതെ തടയുന്നതിനു് അമേരിക്കൻ സഹായം പാകിസ്ഥാനു കൂടിയേ കഴിയൂ എന്നും, ഇതു് പാകിസ്ഥാന്റെ മാത്രമല്ല, അമേരിക്കയുടെകൂടി താല്പര്യമാണെന്നുമാണ് പാകിസ്ഥാനെ അത്യാധുനിക–ആയുധങ്ങളും യുദ്ധോപകരണങ്ങളുംകൊണ്ടു നിറയ്ക്കുന്നതിനു് അമേ

രിക്ക പറയുന്ന ഒഴികഴിവ്. ഇന്ത്യൻ ഭൂഖണ്ഡത്തിലെ ശക്തിസന്തുലനം തകരാറിലാക്കുന്നതുവഴി, പശ്ചിമേഷ്യയിലാകെ രാഷ്ട്രീയമായ അസ്ഥിരത സൃഷ്ടിക്കുകയാണ് പാകിസ്ഥാനു മേലും കീഴും നോക്കാതെ ആയുധങ്ങൾ നൽകുന്നതിന്റെ ഫലമെന്ന വസ്തുത അമേരിക്ക കാര്യമായെടുത്തിട്ടില്ല. ഇതുനിമിത്തം, ദുർലഭങ്ങളായ വിഭവങ്ങളിൽ വളരെ വലിയ ഒരു ഭാഗം സൈനിക ആവശ്യങ്ങൾക്കായി ദരിദ്രരാജ്യമായ ഇന്ത്യ നീക്കിവെക്കേണ്ടതായിവരുന്നു. ഇന്ത്യയിൽ ഇന്നുള്ള കഠിനമായ സാമ്പത്തികഞെരുക്കത്തിന്റെ മുഖ്യകാരണം, അമേരിക്ക പാകിസ്ഥാനു തുടർച്ചയായി നൽകുന്ന സൈനികസഹായമാകുന്നു. പാകിസ്ഥാൻ എന്ന രാഷ്ട്രം പിറന്നതുതന്നെ ഇന്ത്യയോടുള്ള ശത്രുതയിൽനിന്നാണ്. ഈ ശത്രുത ഇന്നോളം പാകിസ്ഥാനിലെ വ്യത്യസ്ത ഭരണകൂടങ്ങൾ നിലനിർത്തിയിട്ടുമുണ്ട്. അതിനാൽ, പാകിസ്ഥാനിൽനിന്ന് ഉണ്ടായേക്കാവുന്ന സൈനികാക്രമണത്തെ ചെറുക്കുന്നതിന് ഇന്ത്യ ഏതു സമയത്തും സന്നദ്ധമായിരുന്നേ മതിയാവൂ. കാശ്മീർ പ്രശ്നം പാര്യന്തികമായി പരിഹരിക്കപ്പെടുംവരെ ഈ സ്ഥിതി തുടരുകയുംചെയ്യും. ദില്ലിയിൽ ഏതു പാർട്ടിയോ, കൂട്ടുകെട്ടോ അധികാരത്തിൽ വന്നാലും ഈ സാഹചര്യത്തിനു മാററമുണ്ടാവുമെന്നു കരുതിക്കൂടാ. ആസൂത്രിതമായ പ്രവർത്തനത്തിലൂടെ സാമ്പത്തിക-സാമൂഹിക പുരോഗതി നേടുന്നതിൽ ഇന്ത്യയ്ക്കു സ്വന്തം അതിർത്തികൾക്കു പുറത്തുള്ള ഏററവും വലിയ പ്രതിബന്ധം പാകിസ്ഥാന്റെ ആയുധവൽക്കരണമാകുന്നു.

അഫ്ഘാനിസ്ഥാനിൽനിന്ന് റഷ്യൻസേന പിൻവാങ്ങിയാൽ, ഇന്ത്യയ്ക്കെതിരെ പാകിസ്ഥാനെ ആയുധവൽക്കരിക്കുന്നതിനുള്ള അമേരിക്കയുടെ ഒഴികഴിവു നഷ്ടപ്പെടും. റഷ്യൻസൈന്യങ്ങളെ അഫ്ഘാനിസ്ഥാനിൽനിന്നു പിൻവലിക്കുന്നതിന് അനുഗുണമായ അന്തരീക്ഷം അവിടെ രൂപപ്പെട്ടുവരുന്നുണ്ട്. അഫ്ഘാനിസ്ഥാനിലെ ഭരണകക്ഷിയായ പീപ്പിൾസ് ഡെമോക്രാററിക് പാർട്ടിയുടെ സെക്രട്ടറിയായിരുന്ന ഡോക്ടർ നജീബുള്ളയെ ആ രാജ്യത്തിന്റെ പ്രസിഡണ്ടായി 1987 നവംബർ 30-ാം തീയതി അവിടത്തെ ഗ്രാൻഡ് നാഷണൽ കൗൺസിൽ തിരഞ്ഞെടുക്കുകയുണ്ടായി. 'ലോയജിർഗ' എന്ന പേരിലറിയപ്പെടുന്ന അന്നാട്ടിലെ ഗോത്രത്തലവന്മാരുടെ പാരമ്പര്യസംഘടന അഫ്ഘാനിസ്ഥാനു ഒരു പുതിയ ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. പീപ്പിൾസ് ഡെമോക്രാററിക് പാർട്ടിക്കും, ആ പാർട്ടിയെ നിയന്ത്രിക്കുന്ന വിപ്ലവകൗൺസിലിനും, ഡോക്ടർ നജീബുള്ളയ്ക്കും അഫ്ഘാനിസ്ഥാനിലെ യാഥാസ്ഥിതിക ജനവിഭാഗം നൽകുന്ന അംഗീകരണമായി ഈ സംഭവങ്ങളെ കണക്കാക്കാം. ഒരാണ്ടിനകം സോവിയററ് സൈന്യങ്ങൾ അഫ്ഘാനിസ്ഥാനിൽനിന്നു തിരിച്ചുപോകുമെന്ന്, പ്രസിഡണ്ട് ആയി സ്ഥാനമേറെറടുത്ത ഉടൻ ഡോക്ടർ നജീബുള്ള പ്രഖ്യാപിക്കുകയുണ്ടായി. അഫ്ഘാനിസ്ഥാനിൽ ആഭ്യന്തരസമാധാനം നിലവിൽവരുത്തുന്നതിന് ആരുമായും സംഭാഷണത്തിലേർപ്പെടാൻ താൻ തയ്യാറാണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

ഈ സംഭവവികാസങ്ങളുടെ പ്രാധാന്യം എന്തെന്നറിയുന്നതിന് അഫ്ഘാനിസ്ഥാന്റെ ചരിത്രവും, ആ രാജ്യത്ത് ഇന്നു നിലനില്ക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളും സാമാന്യമായെങ്കിലും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മദ്ധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്കുള്ള പ്രാചീനമാർഗമായ ഖൈബർ ചുരത്തിന്റെ വടക്കുപടിഞ്ഞാറു വശത്ത്, ഹിന്ദുക്കുഷ് മലകൾക്കിടയിൽ, ഇറാൻ, റഷ്യ, ചൈന, ഇന്ത്യ (കാശ്മീർ), പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ അതിർത്തിയിൽ, അത്യന്തം തന്ത്രപ്രാധാന്യമുള്ള ഒരു പ്രദേ

ശത്താണ് ആറര ലക്ഷം ച. കി. മീ. വിസ്താരവും ഒന്നരകോടിയിലേറെ ജനങ്ങളും (1979) ഉള്ള അഫ്ഘാനിസ്ഥാൻ ജനാധിപത്യ റിപ്പബ്ലിക് സ്ഥിതിചെയ്യുന്നത്. കേരളത്തിന്റെ പതിനേഴ് ഇരട്ടിയോളം ഭൂവിസ്തൃതിയുള്ള അഫ്ഘാനിസ്ഥാനിലെ ജനസംഖ്യ കേരള ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗത്തോളം മാത്രമാണ്. ജനങ്ങളിൽ ബഹുഭൂരിഭാഗവും സുന്നി മുസ്ലീങ്ങളാകുന്നു. പഠാൻ, ഹസാര, താജിക്, തുർക്കോമൻ, ഉസ്ബെക് മുതലായ പല ഗോത്രങ്ങളായി ഇവർ വിഭജിക്കപ്പെട്ടിരിക്കുന്നു. അഫ്ഘാനിസ്ഥാനിൽ ഇരുപത്തഞ്ചു ലക്ഷത്തോളം ജനങ്ങൾ സ്ഥിരമായ പാർപ്പിടമില്ലാതെ അലഞ്ഞു നടക്കുന്നവരാണ്. പ്രകൃതിവാതകം അടക്കം ധാരാളം ഖനിജവിഭവങ്ങൾ ഉണ്ടെങ്കിലും, വ്യവസായവൽക്കരണം അഫ്ഘാനിസ്ഥാനിൽ ആരംഭിച്ചിട്ടേയുള്ളു. മിക്ക ജനങ്ങളുടെയും ജീവിതനിർവഹണം കൃഷിയെയും ആടുവളർത്തലിനെയും അവലംബിച്ചാണ്. ഭക്ഷണകാര്യത്തിൽ സ്വയംപര്യാപ്തത സാദ്ധ്യമാകമാറു്, കൃഷിക്കുപററിയ, ജലസേചനസൗകര്യമുള്ള, ധാരാളം താഴ്വരകൾ അഫ്ഘാനിസ്ഥാനിലെ നഗരങ്ങളായ കുന്നുകൾക്കിടയിലുണ്ടു്. നല്ല കൈവേലക്കാരുമാണ് അഫ്ഘാൻകാർ. പ്രൈമറി—സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമാണെങ്കിലും, ജനങ്ങളിൽ തൊണ്ണൂറു ശതമാനവും നിരക്ഷരരാകുന്നു.

അഫ്ഘാനിസ്ഥാനിലെ നദികളെപ്പററി ഋഗ്വേദസൂക്തങ്ങളിൽ പരാമർശമുണ്ടു്. ചരിത്രം ആരംഭിക്കുന്ന കാലത്തു് ബൗദ്ധസംസ്കാരം ആ രാജ്യത്തു് ആഴത്തിൽ വേരോടിയിരുന്നു. ബാമിയാൻ എന്ന സ്ഥലത്തുള്ള ബൗദ്ധശില്പങ്ങൾ, തകർന്നടിഞ്ഞ ഇന്നത്തെ നിലയിലും സന്ദർശകരെ അത്ഭുതപ്പെടുത്തുന്നവയാണ്. ക്രിസ്തുവിനു് 330 വർഷംമുമ്പ് അലക്സാണ്ടർ ഈ പ്രദേശത്തുകൂടെ പടയോട്ടം നടത്തി. പിന്നീട് 'ബാക്ട്രിയ' എന്ന ഗ്രീക്കരാജ്യത്തിന്റെ ഭാഗമായിത്തീർന്നു അഫ്ഘാനിസ്ഥാൻ. ക്രിസ്തുവർഷം ഏഴാം ശതകത്തിൽ ഇസ്ലാം ഇവിടെ വ്യാപിച്ചു. ഹൂണന്മാരായ ജംഘിസ്ഖാനും തൈമൂറും അഫ്ഘാനിസ്ഥാൻ ആക്രമിക്കുകയുണ്ടായി. പതിനഞ്ചാംശതകത്തിൽ ഇന്ത്യയിൽ മുഗൾസാമ്രാജ്യം സ്ഥാപിച്ച ബാബറുടെ ആദ്യത്തെ ആസ്ഥാനം അഫ്ഘാനിസ്ഥാൻ ആയിരുന്നു.

പരസ്പരം കലഹിച്ചിരുന്ന സ്വതന്ത്ര—ഗോത്രവർഗങ്ങളെ കീഴടക്കി, ഏകീകരിക്കപ്പെട്ട അഫ്ഘാനിസ്ഥാനിൽ രാജവാഴ്ച സ്ഥാപിച്ചതു് അഹമ്മദ്ഷാ ദുറാനി ആയിരുന്നു (1747). പത്തൊമ്പതാം നൂററാണ്ടിൽ, സാറിസ്റ്റ് റഷ്യയുമായി മത്സരിച്ച് ബ്രിട്ടീഷുകാർ തങ്ങളുടെ സ്വാധീനം ഇങ്ങോട്ടു വ്യാപിപ്പിച്ചു. 1919 മുതൽ പത്തു വർഷം അഫ്ഘാനിസ്ഥാൻ ഭരിച്ച അമാനുള്ള രാജാവ് ബ്രിട്ടീഷ് സ്വാധീനത്തിൽനിന്നു് ഏറെക്കുറെ മോചനം നേടുകയും, അഫ്ഘാനിസ്ഥാന്റെ ആധുനികീകരണത്തിനു തുടക്കം കുറിക്കുകയുംചെയ്തു. അമാനുള്ളയുടെ പരമ്പരയിൽ അവസാനത്തെ രാജാവായിരുന്ന മുഹമ്മദ് സഹീർഷായെ അദ്ദേഹത്തിന്റെ അളിയൻ ആയിരുന്ന ലെഫ്ററനന്റ് ജനറൽ മുഹമ്മദ് ദാവൂദ്ഖാൻ 1973—ൽ സ്ഥാനഭ്രഷ്ടനാക്കി. അഫ്ഘാനിസ്ഥാൻ ഒരു റിപ്പബ്ലിക് ആണെന്നു് ദാവൂദ്ഖാൻ പ്രഖ്യാപിച്ചു; താൻ അതിന്റെ പ്രസിഡണ്ടും പ്രധാനമന്ത്രിയുമായി. റഷ്യയുടെ അനുകൂലിയെന്നു് അറിയപ്പെട്ടിരുന്ന നൂർമഹമ്മദ് തരാകി 1978—ൽ ഒരു വിപ്ലവത്തിലൂടെ ദാവൂദ്ഖാനെ അധികാരത്തിൽ നിന്നു നീക്കി. തരാകിയെ സ്ഥാനഭ്രഷ്ടനാക്കി 1979—ൽ ഹഫീസുള്ള അമീൻ അധികാരത്തിൽവന്നു. മൂന്നു മാസത്തിനകം ബബ്രാക് കാർമൽ അമീനെയും അധികാരത്തിൽനിന്നു പുറംതള്ളി. 1978—ൽ റഷ്യക്കുവേണ്ടി ബ്രഷ്നേവും അഫ്ഘാനിസ്ഥാനുവേണ്ടി നൂർമഹമ്മദ് തരാകിയും ഒപ്പുവെച്ചിരുന്ന ഇരുപതുവർഷ—സൗഹാർദസന്ധിയുടെ അടിസ്ഥാ

നത്തിൽ, കാർമലിൻെറ ക്ഷണമനസരിച്ച്, രാജ്യത്തെ അരാജകത്വ ത്തിൽനിന്ന രക്ഷിക്കാനാണെന്ന പറയപ്പെടുന്ന, 1979 ഡിസംബറിൽ ഒരുലക്ഷത്തോളം സോവിയററ് സൈനികർ അഫ്ഘാനിസ്ഥാനിൽ പ്രവേശിച്ചു. ഇതോടെ അഫ്ഘാനിസ്ഥാനിൽ ദാരുണമായ ഒരു ആഭ്യ ന്തരയുദ്ധം ആരംഭിച്ചു. പത്തുലക്ഷത്തോളം അഫ്ഘാൻകാർ ഈ യുദ്ധ ത്തിൽ മരണമടഞ്ഞുവെന്ന പറയപ്പെടുന്നു. മുപ്പതുലക്ഷത്തോളം അഫ് ഘാൻകാർ പാകിസ്ഥാനിലേക്കും പത്തുലക്ഷത്തോളം അഫ്ഘാൻകാർ ഈറാനിലേക്കും ഓടിപ്പോയി. പാകിസ്ഥാനിലൂടെ അമേരിക്ക, നേരി ട്ടല്ലാതെ, ഈ ആഭ്യന്തരയുദ്ധത്തിൽ ഇടപെട്ടു. ഈ യുദ്ധം ഇപ്പോഴും തുടൎന്നു വരികയാണ്. പാകിസ്ഥാൻ ആഗ്രഹിക്കുന്ന കാലത്തോളം, പാക്-അഫ്ഘാൻ അതിർത്തിയിലെ മലനിരകളിൽ ഒളിപ്പോരു നടന്നുകൊ ണ്ടിരിക്കുകയുംചെയ്യും. യുദ്ധം അവസാനിപ്പിക്കുന്നതു സംബന്ധിച്ച് ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ ജനീവയിൽ പാകിസ്ഥാ നിലെയും അഫ്ഘാനിസ്ഥാനിലെയും ഭരണാധികാരികറം തമ്മിൽ പല തവണ സംഭാഷണം നടക്കുകയുണ്ടായി. ഈ ഡിസംബർ മാസത്തി ലും ഈ സംഭാഷണം ഉണ്ടാവും; അതു് 'അവസാനത്തേതു്' ആയിരിക്കു മെന്നു്, അതായതു്, സ്വീകാര്യങ്ങളായ ചില തീരുമാനങ്ങറം അതിൽ നിന്നു് ഉരുത്തിരിയുമെന്നു്, ആണു് ഡോക്ടർ നജീബുള്ള ആശിക്കുന്നതു്.

അയൽരാഷ്ട്രം സഹജശത്രുവും, അയൽരാഷ്ട്രത്തിൻെറ അപ്പുറത്തുള്ള രാഷ്ട്രം സഹജമിത്രവും ആയിരിക്കുമെന്നു് കൗടല്യൻ പ്രസ്താവിച്ചിട്ടുണ്ടു്. പാകിസ്ഥാൻ നിലവിൽ വന്നതുമുതൽ ആ രാഷ്ട്രം അയൽപക്കത്തുള്ള അഫ്ഘാനിസ്ഥാനോടു ശത്രുതയാണു പുലർത്തിയിട്ടുള്ളതു്. പാകി സ്ഥാനിലെ അതിർത്തി സംസ്ഥാനത്തിലും അഫ്ഘാനിസ്ഥാനി ലുമുള്ള ജനവിഭാഗങ്ങളിൽ ഭൂരിപക്ഷമായ പഠാൻകാർ ഒരേ ഗോത്രത്തിൽ പ്പെട്ടവരും ഒരേ പശ്തോഭാഷ സംസാരിക്കുന്നവരുമാണ്. 'പഖ്തുണി സ്ഥാൻ' എന്ന ഒരൊററ രാഷ്ട്രത്തിൽ പഠാൻകാരെ ഏകീകരിക്കണമെ ന്നു് ആവശ്യപ്പെടുന്ന ഒരു പ്രസ്ഥാനം വളരെ വർഷങ്ങളായി നിലവിലു ണ്ടു്. സ്വാഭാവികമായും ഈ വാദത്തെ അഫ്ഘാനിസ്ഥാൻ പ്രോത്സാ ഹിപ്പിക്കുന്നുണ്ടാവണം. പാകിസ്ഥാൻ ഏതായാലും, ഈ വാദത്തിനു തികച്ചും എതിരാണ്.

താജികിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെകിസ്ഥാൻ മുതലായ മദ്ധ്യേഷ്യയിലെ സോവിയററ് ആട്ടോണമസ് റിപ്പബ്ലിക്കുകളുടെ മുഖ ച്ഛായ അഫ്ഘാനിസ്ഥാനും കൈവന്നുകൊണ്ടിരിക്കുകയാണെന്ന ഭയം പാകിസ്ഥാനുണ്ടു്, വളരെ വലിയ ഒരു സോവിയററ് സേനാവിഭാഗം അഫ്ഘാനിസ്ഥാനിലുണ്ടു് എന്നതു മാത്രമല്ല ഇതിനു് അടിസ്ഥാനം. 1965 മുതൽ, അഫ്ഘാനിസ്ഥാൻെറ വ്യാവസായിക വികസനത്തിനു് സോവിയററ് റഷ്യ ഗണ്യമായ തോതിൽ സഹായം നൽകിവരുന്നുണ്ടു്. 1978—ലെ വിപ്ലവത്തിനുശേഷം അഫ്ഘാനിസ്ഥാനിൽ അധികാര ത്തിൽവന്ന നൂർ മഹമ്മദ് തരാകി ധൃതിപിടിച്ചു നടപ്പിൽവരുത്തിയ പരിഷ്കാരങ്ങറം യാഥാസ്ഥിതികരായ ഗ്രാമീണരെയും മതനേതാക്കളെ യും ആശങ്കാകുലരാക്കി. അപ്പോറം തരാകിക്കു്, ഭരണത്തിലും സേനയി ലും സോവിയററ് ഉപദേശകരെ കൂടുതലായി ആശ്രയിക്കേണ്ടിവന്നു. ആഭ്യന്തരയുദ്ധത്തിൻെറ എട്ടു വർഷങ്ങളിൽ അഫ്ഘാൻ സേന ഏതാണ്ടു പൂർണമായും സോവിയററ് മാതൃകയിൽ പുനസ്സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. അവർ ഉപയോഗിക്കുന്നതു്, സ്വാഭാവികമായും, സോവിയററ് യൂണിയ നിൽ നിർമിച്ച യുദ്ധോപകരണങ്ങളും ആയുധങ്ങളുമാണ്.

അഫ്ഘാനിസ്ഥാനിൽ റോഡ് ഗതാഗതവും വാർത്താവിതരണ വും വികസിപ്പിക്കുന്നതിനു വലിയ തോതിൽ റഷ്യ സഹായിച്ചിട്ടുണ്ടു്,

അവിടെ സുലഭമായ പ്രകൃതിവാതകം ഖനനംചെയ്ത് എടുത്തു വ്യാവസായികമായി ഉപയോഗിക്കുന്നതിലും സോവിയററ്സഹായം അത്യന്തം ഉപകരിച്ചിരിക്കുന്നു; അഫ്ഘാനിസ്ഥാനിൽ വ്യവസായങ്ങളും ഖനനവും അഭിവൃദ്ധിപ്പെടുന്ന തോതിനു്, ആ രാജ്യത്തിൻെറ ഒററപ്പെട്ട നിലപാട് അവസാനിക്കുകയും, അവിടത്തെ സമ്പദ്‌വ്യവസ്ഥ സോവിയററ് സമ്പദ്‌വ്യവസ്ഥയുമായി കൂടുതൽ ഉദ്ഗ്രഥിക്കപ്പെടുകയും ചെയ്യുമെന്നതു് അനിവാര്യമാകുന്നു. പ്രത്യേകിച്ചും, താജികിസ്ഥാൻ, ഉസ്ബെകിസ്ഥാൻ എന്നീ സോവിയററ് റിപ്പബ്ളിക്കുകളുമായി ബന്ധപ്പെടുത്താതെ അഫ്ഘാൻ സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക സാദ്ധ്യമായിരിക്കുകയില്ല.

1970 മുതൽ സോവിയററ് യൂണിയൻ അഫ്ഘാനിസ്ഥാനു നല്കുന്ന വികസനസഹായം വളരെയേറെ വർദ്ധിച്ചു. അഫ്ഘാനിസ്ഥാനിലെ സാമ്പത്തിക വികസനമത്രയും സ്വകാര്യമേഖലയിലല്ല, പൊതുമേഖലയിലാണു് എന്നതും സുപ്രധാനമായ ഒരു വസ്തുത ആകുന്നു. 1973—ൽ മുഹമ്മദ് ദാവൂദ്ഖാൻ അഫ്ഘാനിസ്ഥാനിലെ രാജവാഴ്ച അവസാനിപ്പിച്ചതിനുശേഷം ആ രാജ്യത്തിനുള്ള സോവിയററ് സാമ്പത്തികസഹായം പിന്നെയും അധികമായി. സോവിയററ് യൂണിയൻെറ സഹായത്തോടെ എൺപതിലേറെ പദ്ധതികൾ അഫ്ഘാനിസ്ഥാനിൽ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും, നാല്പതു പദ്ധതികൾ പരിഗണനയിലിരിക്കുന്നുണ്ടെന്നും 1975—ൽ അഫ്ഘാനിസ്ഥാൻ സന്ദർശിച്ച സോവിയററ് യൂണിയൻെറ പ്രസിഡണ്ട് പദ്ഗോർണി പ്രസ്താവിക്കുകയുണ്ടായി. 1977—ൽ ദാവൂദ്ഖാൻ സോവിയററ് യൂണിയനുമായുണ്ടാക്കിയ പന്ത്രണ്ടു വർഷക്കരാറിൽ പ്രകൃതിവാതകം, എണ്ണ, പെട്രോ—കെമിക്കൽ വ്യവസായങ്ങൾ, രാസവ്യവസായങ്ങൾ, കൃഷി, ജലസേചനം, പൊതുജനാരോഗ്യം, മൃഗചികിത്സ, ഖനിജനിരീക്ഷണം, വൈദ്യുതിഉല്പാദനം, ഗതാഗതം, വാർത്താവിതരണം, തൊഴിൽ—സങ്കേതപരിശീലനം മുതലായ രംഗങ്ങളിൽ സോവിയററ് സഹായം അഫ്ഘാനിസ്ഥാനു ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയിരുന്നു.

സോവിയററ് യൂണിയനിലെ തുല്യസംഘടനകളുടെ മാതൃകയിൽ അഫ്ഘാനിസ്ഥാനിലും ജനാധിപത്യ—യുവജനസംഘടന, ജനാധിപത്യ—മഹിളാസംഘടന, എഴുത്തുകാരുടെയും കവികളുടെയും സംഘടന മുതലായവ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ടു്. അവിടെ വിദ്യാഭ്യാസരീതി നവീകരിക്കപ്പെട്ടിരിക്കുന്നു. മതപഠനത്തിൻെറ പ്രാധാന്യം കുറഞ്ഞിരിക്കുന്നു; ആധുനികവിഷയങ്ങളുടെ പഠനത്തിനു പ്രാധാന്യം ഏറിയിരിക്കുന്നു. 1981 ആവുമ്പോഴേക്കു്, ഒട്ടുവളരെ അഫ്ഘാൻവിദ്യാർത്ഥികൾ കിഴക്കേ യൂറോപ്പിലും സോവിയററ് യൂണിയനിലും ഉന്നതവിദ്യാഭ്യാസം നേടാൻ തുടങ്ങിയിരുന്നു. 1983—ൽ ഈ രാജ്യങ്ങളിൽ പരിശീലനം നേടിയിരുന്ന അഫ്ഘാൻ വിദ്യാർത്ഥികളുടെ എണ്ണം ഇരുപതിനായിരത്തോളമായിരുന്നുവത്രേ. അഫ്ഘാനിസ്ഥാനിനകത്തു്, പെൺകുട്ടികൾ ധാരാളമായി സ്കൂളുകളിൽ പോയിത്തുടങ്ങിയിട്ടുണ്ടു് എന്നതും പ്രസ്താവിക്കേണ്ട ഒരു വസ്തുതയാണു്. ഇരുപതോ, മുപ്പതോ വർഷങ്ങൾക്കുള്ളിൽ അഫ്ഘാൻ ജനത പൂർണമായും ആധുനികവൽക്കരിക്കപ്പെടുമെന്നു വിശ്വസിക്കുന്നതിൽ തെററില്ല.

'പാകിസ്ഥാൻ ടൈംസ്' വാരിക (നവംബർ 8) എഴുതുന്നു:

'വിശാലമായ ഒരു പരിപ്രേക്ഷ്യത്തിലാണു് സോവിയററ് യൂണിയൻ അഫ്ഘാനിസ്ഥാനെ കാണുന്നതു്. സോവിയററ് ആനുകൂല്യമുള്ള അഫ്ഘാനിസ്ഥാനിലെ പീപ്പിൾസ് ഡെമോക്രാററിക് പാർട്ടിയെ (പി. ഡി. പി. എ.) വളർത്തുകയാണു് റഷ്യക്കാരുടെ ലക്ഷ്യം. ഒളി

പ്പോരാളികളോട് പൊരുതുമ്പോഴും മോസ്കോവിന്റെ യത്നം സോവിയററ്–അനുകൂലപ്രവർത്തകരെയും സ്ഥാപനങ്ങളെയും അഫ്ഘാനിസ്ഥാനിൽ ശക്തിപ്പെടുത്താനാണ്. ഇതിനു വളരെക്കാലം പിടിക്കുമെന്നതിനാൽ, ആയിരക്കണക്കിനു യുവാക്കളെ പരിശീലനത്തിനായി സോവിയററ് യൂണിയനിലേക്കു കൊണ്ടുപോയിരിക്കുന്നു. അഫ്ഘാനിസ്ഥാനിലെ ബഹുജനങ്ങളുടെ സഹകരണം നേടുന്നതിൽ സോവിയററ് യൂണിയൻ ഏതുമാത്രം വിജയിക്കുന്നു എന്നറിയാൻ ഏതാനും വർഷങ്ങൾ കൂടി കാത്തിരിക്കണം.'

അഫ്ഘാനിസ്ഥാനിൽനിന്നു സോവിയററ്സേന പിൻവാങ്ങുന്നതോടൊപ്പം, അഫ്ഘാനിസ്ഥാനിലെ ഇന്നത്തെ സർക്കാർ രാജിവയ്ക്കുകയും, മുൻ രാജാവ് മുഹമ്മദ് സഹീർഷായുടെ നേതൃത്വത്തിൽ ഒരു താല്ക്കാലിക ഗവണ്മെൻറ് അവിടെ രൂപവല്ക്കരിക്കുകയും വേണമെന്ന് പാകിസ്ഥാൻ പ്രസിഡണ്ട് സിയാ ഉൾ ഹക് നിർദേശിച്ചിട്ടുണ്ട് (പാകിസ്ഥാൻ ടൈംസ്, നവംബർ 29). പാകിസ്ഥാനിൽ ഇപ്പോഴുള്ള അഫ്ഘാൻ അഭയാർഥികൾ തിരിച്ചുപോകുമ്പോൾ, അവിടെ തങ്ങൾക്കിഷ്ടമുള്ള ഭരണവ്യവസ്ഥ തിരഞ്ഞെടുക്കാൻ അവർക്ക് അധികാരമുണ്ടായിരിക്കണമെന്ന് സിയാ പ്രസ്താവിച്ചു. അഫ്ഘാനിസ്ഥാന്റെമേൽ കമ്യൂണിസം കെട്ടിവയ്ക്കാൻ സോവിയററ് യൂണിയനു സാദ്ധ്യമാവുകയില്ലെന്ന കാര്യത്തിലും സിയയ്ക്ക് യാതൊരു സംശയവുമില്ല. സിയയുടെ ഈ വ്യവസ്ഥകൾ സോവിയററ് യൂണിയനോ, അഫ്ഘാനിസ്ഥാനിലെ ഇപ്പോഴത്തെ സർക്കാരിനോ, അവിടത്തെ ജനങ്ങളിൽ ആധുനികീകരിക്കപ്പെട്ട വിഭാഗത്തിനോ സ്വീകാര്യമാവുകയില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

പാകിസ്ഥാനിലൂടെ അഫ്ഘാൻ ഒളിപ്പോരാളികൾക്ക് അമേരിക്ക നൽകിവരുന്ന ആയുധ–സാമ്പത്തിക–സഹായം നിലച്ചാൽ, അഫ്ഘാൻ പ്രശ്നം തനിയെ പരിഹരിക്കപ്പെടും. ഗറില്ലാപ്രവർത്തനവും അഫ്ഘാൻ സർക്കാരിന് എതിരായി പുറമെനിന്നുള്ള ഇടപെടലും അവസാനിച്ചാൽ, പിന്നീട് സോവിയററ്സൈന്യം അഫ്ഘാനിസ്ഥാനിൽ നില്ക്കാൻ യാതൊരു ന്യായീകരണവും ഇല്ലാതായിത്തീരും. സോവിയററ് സഹായത്തോടെ ആധുനികീകരിക്കപ്പെടുമ്പോൾ അഫ്ഘാൻ ജനത സമാധാനപൂർണമായ ജനാധിപത്യജീവിതം സ്വയം സ്വീകരിക്കുകയും ചെയ്യും.

പ്രാചീന–മദ്ധ്യകാലഭാരതത്തിന്റെ ഭാഗധേയം നിർണയിക്കുന്നതിൽ അഫ്ഘാനിസ്ഥാൻ സുപ്രധാനമായ പങ്കുവഹിക്കുകയുണ്ടായി. മദ്ധ്യേഷ്യയിൽനിന്നു വ്യത്യസ്തജനവിഭാഗങ്ങൾ സിന്ധുഗംഗാസമതലത്തിൽ പല കാലങ്ങളിൽ ഒഴുകിനിറഞ്ഞതു് ഈ പ്രദേശത്തുകൂടിയായിരുന്നല്ലോ. ഇത്രയും പ്രാധാന്യം, ഇന്നത്തെ ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ആ രാജ്യത്തിനില്ല. എന്നാലും, അഫ്ഘാനിസ്ഥാന്റെ അതിർത്തികളിൽ ലോകമഹാശക്തികളായ അമേരിക്കയും റഷ്യയും തമ്മിൽ നടന്നുവരുന്ന ശക്തിമത്സരം നമുക്ക് അവഗണിക്കാവുന്നതല്ല. കൈയും മെയ്യും മറന്ന് പാകിസ്ഥാനെ സൈനികമായി ബലപ്പെടുത്താൻ അമേരിക്ക കച്ചകെട്ടിയിറങ്ങിയതു് ഈ മത്സരത്തിന്റെകൂടി ഫലമായിട്ടാണല്ലോ. അയൽരാജ്യത്തിന്റെ അപ്പുറത്തെ രാജ്യം സ്വാഭാവികമിത്രമായിരിക്കുമെന്ന കൗടല്യന്റെ സിദ്ധാന്തത്തെ സത്യാപനംചെയ്യുമാറ്, സ്വതന്ത്ര ഇന്ത്യയോട് മൈത്രിയിലാണ് അഫ്ഘാൻ ജനാധിപത്യം ഇന്നോളം വർത്തിച്ചിട്ടുള്ളതു്. ഈ രാജ്യത്തിന്റെ യോഗക്ഷേമങ്ങളിൽ നമുക്ക് ഉദ്ബുദ്ധമായ താല്പര്യം എന്നും ഉണ്ടായിരിക്കണം.

(5 ഡിസംബർ, 1987)